## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2554 — 06.02.2018-ൽ മറുപടിയ്ക്ക്

## പട്ടികജാതി, പട്ടികവർഗ്ഗ വികസന ക്ഷേമപ്രവർത്തനങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി സമുദായത്തിലെ വ്യക്തികൾക്ക്/ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സർക്കാരിൽ നിന്ന് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുവാൻ 3 ലക്ഷം വരെയുള്ള വായ്പകൾക്കും ഗ്രൂപ്പുകൾക്ക് 10 ലക്ഷം വരെയുള്ള വായ്പകൾക്കും വായ്പാ തുകയുടെ മൂന്നിലൊന്ന് സബ്സിഡിയായി നൽകുന്ന പദ്ധതി ബാങ്കുകളുമായി ചേർന്ന് നടപ്പിലാക്കുന്നുണ്ട്.<br>7-ാം ക്ലാസ്സ് പാസ്സായ 18 വയസ്സിനും 40 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള പട്ടികജാതി യുവതീ യുവാക്കൾക്ക് ടി പദ്ധതിയിൽ അപേക്ഷിക്കാം. വരുമാന പരിധി ബാധകല്ല. വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാന സർട്ടിഫിക്കറ്റ്, പദ്ധതി റിപ്പോർട്ട്, റേഷൻകാർഡിന്റെ പകർപ്പ്, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, എസ്.ജി.എസ്.വൈ ലോൺ വാങ്ങിയിട്ടില്ലായെന്ന ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ സഹിതം അപേക്ഷ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നല്കുന്ന വായ്പകളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി നല്കുന്നു. |
| (ബി) | സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ലഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള സഹായവും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ലഭിക്കുന്ന സഹായങ്ങളും എന്തെല്ലാം എന്നും വിശദമാക്കാമോ; ഇതിന്റെ മാനദണ്ഡങ്ങളെന്തെന്നും വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യവികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വായ്പ, സ്വയംതൊഴിൽ, വിദ്യാഭ്യാസം, ഭവനനിർമ്മാണം, ഭവന പുനരുദ്ധാരണം, പെൺകുട്ടികളുടെ വിവാഹം എന്നിങ്ങനെ ഒട്ടേറെ ആവശ്യങ്ങൾക്കുള്ള വായ്പാ |

| | | | |
|---|---|---|---|
| | | | പദ്ധതികൾ കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (സി) | ഈ സർക്കാർ വന്നതിന് ശേഷം എസ്.സി വിഭാഗത്തിലേയും ഒ.ബി.സി വിഭാഗത്തിലേയും എത്ര പേർക്ക് ഇപ്രകാരം സഹായം അനുവദിച്ചുവെന്ന് വിശദമാക്കാമോ? | | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി വിഭാഗത്തിലെ യുവതി യുവാക്കൾക്ക് 2016-17 സാമ്പത്തിക വർഷം 542 പേർക്കും 2017-18 സാമ്പത്തിക വർഷം ഇതുവരെ 302 പേർക്കും സഹായം അനുവദിച്ചു നൽകിയിട്ടുണ്ട്.<br>പിന്നോക്ക വികസന കോർപ്പറേഷൻ മുഖേന 61712 പേർക്ക് 578.69 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം : I

**മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) NMDFC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 20 ലക്ഷം രൂപ | 6% |
| 2. സ്വയം തൊഴിൽ പദ്ധതി - 2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ)<br>**(ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക്)** | CDS/NGO-50 ലക്ഷം രൂപ | NGO/CDS-3.50%, SHG-5% |
| 4. വിദ്യാഭ്യാസ വായ്പാ പദ്ധതി-1<br>**ഗ്രാമങ്ങളിൽ 98,000/- രൂപയിലും, നഗരങ്ങളിൽ 1,20,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്** | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷ രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ) | 3% |
| 5. വിദ്യാഭ്യാസ വായ്പാ പദ്ധതി-2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ)<br>വിദേശത്ത് പഠി ക്കുന്നതിന് 30 ലക്ഷം രൂപ (പ്രതി വർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 5% |
| 6. റി-ടേൺ വായ്പാ പദ്ധതി (പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കുന്നതിനുവേണ്ടി മടങ്ങിവരുന്നവർക്കുള്ള പദ്ധതി) | 20 ലക്ഷം രൂപ<br><u>പ്രത്യേക ആനുകൂല്യം</u><br>പദ്ധതി അടങ്കലിന്റെ 15 % വരെ മൂലധന സബ്സിഡി<br>വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% പലിശ സബ്സിഡി. | NMDFC സ്വയം തൊഴിൽ പദ്ധതി - 1, 2 എന്നിവയ്ക്ക് സമാനം |

(തുടർച്ച ....2.....)

KSBCDC ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ (ഒ.ബി.സി.-മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്).

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 6% |
| 2. വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 8% |
| 3. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 9% |
| 4. പ്രവർത്തന മൂലധന വായ്പ **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 8% |
| 5. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 9% |
| 6. വിദ്യാശ്രീ വായ്പ **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 3 ലക്ഷം രൂപ | 6% |
| 7. കൺസ്യൂമർ ഡ്യൂറബിൾ വായ്പ **(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 2 ലക്ഷം രൂപ | 10% |
| 8. വാഹന വായ്പ **(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 6 ലക്ഷം രൂപ | 9% |
| 9. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വസ്ഥഗൃഹ) **(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 5 ലക്ഷം രൂപ | 10% |
| 10. വ്യക്തിഗത വായ്പ **(6,00,000/- രൂപയിൽ താഴെ കുടുംബവാർഷിക** വരുമാനമുള്ളവർക്ക്) | 3 ലക്ഷം രൂപ | 11% |
| 11. ഭവന നിർമ്മാണ വായ്പ പദ്ധതി - 1 **(1,20,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 5 ലക്ഷം രൂപ | 7.50 % |
| 12. ഭവന നിർമ്മാണ വായ്പ പദ്ധതി - 2 (3,00,000/- രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്) | 10 ലക്ഷം രൂപ | 8.00 % |

(തുടർച്ച ..........7)

## വായ്പ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1 വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന കുടുംബ വരുമാന സർട്ടിഫിക്കറ്റ്.
2 ജാതി സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ് /വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ്
3. റേഷൻ കാർഡിന്റെ 1,2 പേജുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
4. അപേക്ഷകന്റെ പേരിലുള്ള വീടിന്റെയും സ്ഥലത്തിന്റെയും കരമടച്ച രസീതിന്റെ പകർപ്പ്.
5. ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ് എന്നിവയുടെ പകർപ്പ്.
6. വയസ്സ് തെളിയിക്കുന്ന രേഖയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി.
7. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് (ബാധകമെങ്കിൽ)
8. ബാങ്ക് പാസ്സുക്കിന്റെ അക്കൗണ്ട് നമ്പർ, IFSC കോഡ് എന്നിവ രേഖപ്പെടുത്തിയ പേജിന്റെ പകർപ്പ്.

## ജാമ്യ വ്യവസ്ഥ

വായ്പാക്കാരൻ സ്വന്തം ജാമ്യത്തിനു പുറമെ വസ്തു ജാമ്യമോ, ഉദ്യോഗസ്ഥ ജാമ്യമോ നൽകേണ്ടതാണ്.

### a) വസ്തു ജാമ്യം

**ഹാജരാക്കേണ്ട രേഖകൾ.**

- ജാമ്യം നൽകുന്ന വസ്തുവിന്റെ കരമടച്ച രസീത്.
- വസ്തുവിന്റെ അസ്സൽ പ്രമാണം
- മുന്നാധാരം
- വില്ലേജ് ഓഫീസർ / തഹസീൽദാർ നൽകിയ വസ്തുവിന്റെ മതിപ്പുവില സർട്ടിഫിക്കറ്റ്. (മതിപ്പുവിലയുടെ 80% വരെ വായ്പയായി അനുവദിക്കുകയുള്ളൂ).
- വില്ലേജ് ഓഫീസിൽ നിന്നുള്ള ലൊക്കേഷൻ സർട്ടിഫിക്കറ്റ്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച്, നോൺ-അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്.
- സബ് രജിസ്ട്രാറിൽ നിന്നുള്ള കുടിക്കിട സർട്ടിഫിക്കറ്റ് (13 വർഷത്തെ)
- മറ്റൊരാളുടെ വസ്തുവാണെങ്കിൽ ഉടമസ്ഥന്റെ സമ്മതപത്രം (നിർദ്ദിഷ്ട മാതൃകയിൽ മുദ്രപത്രത്തിൽ ഹാജരാക്കണം)

### b) ഉദ്യോഗസ്ഥ ജാമ്യം

**ഹാജരാക്കേണ്ട രേഖകൾ.**

- ജാമ്യക്കാരനായ ഉദ്യോഗസ്ഥൻ കോർപ്പറേഷൻ നിശ്ചയിച്ചിട്ടുള്ള ഫാറത്തിൽ ശമ്പള സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്.
- ജാമ്യക്കാരനായ ഉദ്യോഗസ്ഥന്റെ ഔദ്യോഗിക തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് ഉദ്യോഗസ്ഥ ജാമ്യം - പൊതു വ്യവസ്ഥകൾ.
- ജാമ്യക്കാരന് കുറഞ്ഞത് തിരിച്ചടവ് കാലാവധിയേക്കാൾ 1 വർഷം കൂടുതൽ സർവ്വീസ് ബാക്കിയുണ്ടായിരിക്കണം.
- ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ ജാമ്യത്തിൻ മേൽ അനുവദിക്കുന്ന പരമാവധി വായ്പ തുക 3 ലക്ഷം രൂപ
- ഉദ്യോഗസ്ഥ ജാമ്യത്തിൻ മേൽ അനുവദിക്കുന്ന പരമാവധി വായ്പ തുക 6 ലക്ഷം രൂപ

(തുടർച്ച ...4......)

- വായ്പത്തുക കൂടുന്നതനുസരിച്ച് ജാമ്യക്കാരുടെ എണ്ണവും കൂടാവുന്നതാണ്.
- നിലവിൽ ജാമ്യക്കാരനായ ആളുടെ ജാമ്യം വ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കുന്നതാണ്.

c) <u>മറ്റു ജാമ്യം</u>

- നാഷണൽ സേവിങ്ങ്സ് സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപം, എൽ.ഐ.സി.പോളിസി എന്നിവയും ജാമ്യമായി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

# കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ക്ലിപ്തം

(ഒരു കേരള സർക്കാർ സ്ഥാപനം)
മുഖ്യകാര്യാലയം : പി.ബി.നമ്പർ 523, ടൗൺഹാൾ റോഡ്, തൃശൂർ – 680 020.
ഫോൺ : ഓഫീസ് : 0487-2331064, ഫാക്സ് : 0487 2331469
ഇ-മെയിൽ – ksdcho@gmail.com, വെബ്സൈറ്റ് : scstkeralacorporation.com

1972 ൽ സ്ഥാപിതമായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് പ്രധാനമായും സ്വയംതൊഴിൽ വായ്പകളും വിദ്യാഭ്യാസം, വിവാഹം മുതലായ ആവശ്യങ്ങൾക്കുള്ള ഇതര വായ്പകളും നൽകുന്ന ഒരു വികസന ധനകാര്യ സ്ഥാപനമാണ്. കോർപ്പറേഷന്റെ മുഖ്യകാര്യാലയം തൃശൂരിലും ജില്ലാ കാര്യാലയങ്ങൾ വിവിധ ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നു. വിവിധ വായ്പകൾ നല്കുന്നത് ജില്ലാകാര്യാലയങ്ങൾ വഴിയാണ്.

## വായ്പാ പദ്ധതികൾ

**കെ.എസ്.ഡി.സി. പദ്ധതികൾ**

**1.സ്വയം തൊഴിൽ വായ്പാ പദ്ധതികൾ**

| ക്രമ നമ്പർ | പദ്ധതി | പദ്ധതി തുക രൂപയിൽ (യൂണിറ്റ് ഒന്നിന്) | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി | കുടുംബ വാർഷിക വരുമാന പരിധി (രൂപയിൽ) | പ്രായ പരിധി | ഗുണഭോക്താക്കൾ | ജാമ്യ വ്യവസ്ഥകൾ |
|---|---|---|---|---|---|---|---|---|
| 1 | ബെനഫിഷ്യറി ഓറിയന്റഡ് പദ്ധതി | 1,50,000 | 6% | 5 വർഷം | 3,50,000 | 18-50 | പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം/വസ്തു ജാമ്യം |
| 2 | പ്രൊഫഷണൽ സർവ്വീസ് പദ്ധതി. | 1,50,000 | 7% | 5 വർഷം | 3,50,000 | 18-50 | പട്ടികജാതി വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം/വസ്തു ജാമ്യം |
| 3 | ഓട്ടോറിക്ഷാ വായ്പാ പദ്ധതി | 2,10,000 | 6% | 5 വർഷം | 3,50,000 | 18-50 | പട്ടികജാതി വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം/വസ്തു ജാമ്യം |
| 4 | വനിതാ ശാക്തീകരണ പദ്ധതി (ഗ്രൂപ്പുകൾക്കുള്ള പദ്ധതി) | 6,00,000 | 6% | 3 വർഷം | 49,000-60,000 | 18-50 | പട്ടികജാതി വനിതകൾ | 3 ലക്ഷം രൂപ വരെ ജാമ്യം വേണ്ട. അതിനുമുകളിൽ കോർപ്പറേഷൻ നിഷ്കർഷിക്കുന്ന ജാമ്യം |
| 5 | മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ | 10,00,000 | 5 ലക്ഷം രൂപ വരെ 6% 5 ലക്ഷം രൂപയ്ക്കു മുകളിൽ 8 % | 5 വർഷം | 3,50,000 | 18-50 | പട്ടികജാതിയിൽപ്പെട്ട സംരംഭകർ | വസ്തു ജാമ്യം മാത്രം |
| 6 | വിദേശ തൊഴിൽ വായ്പാ പദ്ധതി | 50,000 | 6% | 3 വർഷം | 3,50,000 | 18-50 | പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം/വസ്തു ജാമ്യം |
| **2. ഇതര വായ്പാ പദ്ധതികൾ** | | | | | | | | |
| 7 | വിവാഹ വായ്പാ പദ്ധതി | 2,00,000 | 6% | 5 വർഷം | 2,00,000 | രക്ഷിതാവിന് 65 വയസ്സ് കവിയാൻ പാടില്ല | പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം/വസ്തു ജാമ്യം |
| 8 | വിദ്യാഭ്യാസ വായ്പാ പദ്ധതി | 1,00,000 മുതൽ 2,50,000 വരെ | 6% | 5 വർഷം (പഠന ശേഷം) | 3,50,000 | 18-35 | പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ | ഉദ്യോഗസ്ഥ ജാമ്യം/വസ്തു ജാമ്യം |
| 9 | വിദേശവിദ്യാഭ്യാസ വായ്പാ പദ്ധതി | 10,00,000 | 5 ലക്ഷം രൂപ വരെ 6% 5 ലക്ഷം രൂപയ്ക്കു മുകളിൽ 8.5% | 5 വർഷം (പഠന ശേഷം) | 5,00,000 | 18-35 | പട്ടികജാതി വിദ്യാർത്ഥികൾ | ഉദ്യോഗസ്ഥ ജാമ്യം/വസ്തു ജാമ്യം |
| 10 | കമ്പ്യൂട്ടർ വായ്പാ പദ്ധതി | 40,000 | 6% | 5 വർഷം | 3,50,000 | രക്ഷിതാവിന് 55 വയസ്സ് കവിയാൻ പാടില്ല | പട്ടികജാതി വിദ്യാർത്ഥികൾ | ഉദ്യോഗസ്ഥ ജാമ്യം മാത്രം |
| 11 | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പാ പദ്ധതി | 1,00,000 | 8% | 5 വർഷം | 4,00,000 | 18-48 | പട്ടികജാതി വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം മാത്രം |
| | | 50,000 | 8% | 5 വർഷം | 4,00,000 | 18-48 | പട്ടികവർഗ്ഗ വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം മാത്രം |
| 12 | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പാ പദ്ധതി | 50,000 | 8% | 5 വർഷം | 4,00,000 | 18-48 | പട്ടികജാതി വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം മാത്രം |

## എൻ.എസ്.എഫ്.ഡി.സി. പദ്ധതികൾ

| ക്രമ. നമ്പർ | പദ്ധതി | പദ്ധതി തുക രൂപയിൽ | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി | കുടുംബ വാർഷിക വരുമാന പരിധി | | പ്രായ പരിധി | ഗുണഭോക്താക്കൾ | ജാമ്യ വ്യവസ്ഥകൾ |
|---|---|---|---|---|---|---|---|---|---|
| | | | | | ഗ്രാമപ്രദേശം | നഗരപ്രദേശം | | | |
| 1 | കൃഷിഭൂമി വായ്പാ പദ്ധതി | 3,00,000 | 6% | 8 വർഷം | 98,000 | 1,20,000 | 21-50 | പട്ടികജാതി വിഭാഗക്കാർ | വസ്തു ജാമ്യം മാത്രം |
| 2 | മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതി | 50,000 | 5% | 3 വർഷം | 98,000 | 1,20,000 | 18-50 | പട്ടികജാതി വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം/ വസ്തു ജാമ്യം |
| 3 | മഹിളാ സമൃദ്ധി യോജന | 50,000 | 4% | 3 വർഷം | 98,000 | 1,20,000 | 18-50 | പട്ടികജാതി വനിതകൾ | ഉദ്യോഗസ്ഥ ജാമ്യം/ വസ്തു ജാമ്യം |
| 4 | മഹിളാ കിസാൻ യോജന | 50,000 | 5% | 5 വർഷം | 98,000 | 1,20,000 | 18-50 | പട്ടികജാതി വനിതകൾ | ഉദ്യോഗസ്ഥ ജാമ്യം/ വസ്തു ജാമ്യം |
| 5 | ശിൽപ്പി സമൃദ്ധി യോജന | 50,000 | 5% | 5 വർഷം | 98,000 | 1,20,000 | 18-50 | പട്ടികജാതിയിലെ ശിൽപ്പികൾ | ഉദ്യോഗസ്ഥ ജാമ്യം/ വസ്തു ജാമ്യം |
| 6 | മിനിവെഞ്ചർ പദ്ധതികൾ | 2,00,000 രൂപ മുതൽ 3,00,000 രൂപ വരെ | 6% | 5 വർഷം | 98,000 | 1,20,000 | 18-50 | പട്ടികജാതിയിൽപ്പെട്ട സംരംഭകർ | ഉദ്യോഗസ്ഥ ജാമ്യം/ വസ്തു ജാമ്യം |
| 7 | വിദ്യാഭ്യാസ വായ്പാ പദ്ധതി | 10 ലക്ഷം രൂപ വരെ | വിദ്യാർത്ഥികൾക്ക് 4% വിദ്യാർത്ഥിനികൾക്ക് 3.5% | 5 വർഷം (പഠന ശേഷം) | 98,000 | 1,20,000 | 18-35 | പട്ടികജാതി വിദ്യാർത്ഥികൾ | ഉദ്യോഗസ്ഥ ജാമ്യം/ വസ്തു ജാമ്യം |
| 8 | ലഘു വ്യവസായ യോജന | 1,00,000 രൂപ | 6% | 5 വർഷം | 98,000 | 1,20,000 | 18-50 | പട്ടികജാതി വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം/ വസ്തു ജാമ്യം |
| 9 | വാഹന വായ്പാ പദ്ധതി (ഓട്ടോ ടാക്സി) | 2,50,000 | 6% | 5 വർഷം | 98,000 | 1,20,000 | 18-50 | പട്ടികജാതി വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം/ വസ്തു ജാമ്യം |

## എൻ.എസ്.ടി.എഫ്.ഡി.സി. പദ്ധതികൾ

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | ആദിവാസി മഹിളാ സശാക്തീകരൺ യോജന | 50,000 | 4% | 5 വർഷം | 98,000 | 1,20,000 | 18-50 | പട്ടികവർഗ്ഗ വനിതകൾ | ഉദ്യോഗസ്ഥ ജാമ്യം |
| 2 | പട്ടിക വർഗ്ഗ സംരംഭകർക്കായുള്ള വായ്പാ പദ്ധതി | 1,50,000 | 6% | 5 വർഷം | 98,000 | 1,20,000 | 18-50 | പട്ടികവർഗ്ഗത്തിൽപ്പെട്ട സംരംഭകർ | ഉദ്യോഗസ്ഥ ജാമ്യം |
| 3 | ഓട്ടോറിക്ഷാ വായ്പാ പദ്ധതി | 1,95,000 | 6% | 5 വർഷം | 98,000 | 1,20,000 | 18-50 | പട്ടികവർഗ്ഗ വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം |
| 4 | സ്മാൾ എന്റർപ്രൈസസ് ലോൺ | 50,000 | 6% | 5 വർഷം | 98,000 | 1,20,000 | 18-50 | പട്ടികവർഗ്ഗ വിഭാഗക്കാർ | ഉദ്യോഗസ്ഥ ജാമ്യം |
| 5 | ആദിവാസി ശിക്ഷാറിൻ യോജന (വിദ്യാഭ്യാസ വായ്പ) | 5,00,000 | 6% | 5 വർഷം (പഠനശേഷം) | 98,000 | 1,20,000 | 18-35 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾ | ഉദ്യോഗസ്ഥ ജാമ്യം |

സെക്ഷൻ ഓഫീസർ.